1997-98	124,78,57,663
1998-99	83,37,39,563
1999-2000	124,25,28,394
2000-01	146,44,07,079

(ബി)&(ഡി) വിവരം ശേഖരിച്ചുവരുന്നു.

എക്സൈസ് വകുപ്പിലെ ഗസറ്റഡ് ഓഫീസർക്കെതിരെ നടപടി

73 (407) ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിലെ ഗസറ്റഡ് ഓഫീസർമാർക്കെതിരായി അച്ചടക്ക നടപടികൾ എടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗവൺമെന്റിലേയ്ക്ക് ഫയൽ ലഭിച്ചിട്ടുണ്ടോ;

(ബി) ഇവയിൽ ഒരാളിന്റെ പേരിൽതന്നെ ഒന്നിലധികം അച്ചടക്ക നടപടി നിർദ്ദേശിക്കുന്ന എത്ര ഫയലുകളുണ്ട്;

(സി) ഒരാളിന്റെ പേരിൽതന്നെ അഞ്ചോ അതിലധികമോ കാര്യങ്ങളെക്കുറിച്ചുള്ള അച്ചടക്ക നടപടി നിർദ്ദേശിക്കുന്ന എത്ര ഫയലുകളുണ്ട്;

(ഡി) എക്സൈസ് വകുപ്പിലെ ഗസറ്റഡ് ഓഫീസർക്കെതിരെ നടപടി നിർദ്ദേശിക്കുന്ന ഫയലുകളിൽ തീരുമാനം എടുക്കാത്തതിനുള്ള കാരണമെന്താണ്;

(ഇ) എക്സൈസ് വകുപ്പിൽനിന്ന് അച്ചടക്ക നടപടികൾ നിർദ്ദേശിച്ചുകൊണ്ട് ഗവൺമെന്റിലേക്ക് അയച്ചിട്ടുള്ള ഫയലുകളിൽ എന്തു തുകയ്ക്കുള്ള ക്രമക്കേടുകൾ നടത്തിയിട്ടുള്ളതായാണ് ആരോപണമുള്ളത്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇവയിൽ രണ്ടുപേർക്കെതിരെ ഒന്നിലധികം അച്ചടക്ക നടപടികൾ നിർദ്ദേശിക്കുന്നുണ്ട്. ഒരാളിന്റെ പേരിൽ 6 ഫയലുകളും മറ്റേ ആളിന്റെ പേരിൽ 2 ഫയലുകളും ഉണ്ട്.

(സി) ഒരാൾക്ക് എതിരേ തന്നെ നടപടി നിർദ്ദേശിക്കുന്ന ആറു ഫയലുകളുണ്ട്.

(ഡി) നടപടി ആവശ്യമായ എല്ലാ ഫയലുകളിലും പരിശോധിച്ച് തീരുമാനം എടുക്കുന്നുണ്ട്.

(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കള്ളുഷാപ്പ് ലേലത്തുക

74 (408) ശ്രീ. കെ.സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly